മാർച്ച് 2024

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്, അയ്യന്തോൾ





**Wedded on**
**7th January 2024**



## Nirmal

S/o Mr. T V Stephen
& Mrs. Alice Stephen
Thalakkottur House,
P O Ayyanthole
Thrissur -680003

## Sneha

D/o Mr. Joby T T &
Mrs.Mini Joby
Thekkiniyath House,
Paravattani,
Thrissur.

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ, തൃശ്ശൂർ – 680003
ഫോൺ: 9778346027
Email:mariyanadham.info@gmail.com
www.ayyantholechurch.com



പുസ്തകം 30
2024 മാർച്ച്
ലക്കം 3

ചീഫ് എഡിറ്റർ
ഫാ. വർഗ്ഗീസ് എടക്കളത്തൂർ 9656020925

മാനേജിംഗ് എഡിറ്റർ
ശ്രീ. ജേക്കബ് തോലത്ത് 9495565910

അസോസിയേറ്റഡ് എഡിറ്റേഴ്സ്
ശ്രീമതി. ഗ്രേസി ജോണി വടക്കേത്തല 8129978716
ശ്രീ. അഡ്വ. നെറ്റോ നെല്ലിശ്ശേരി 9847970504

ട്രഷറർ
ശ്രീമതി ത്രേസ്യാമ്മ ജേക്കബ് തോലത്ത് 7306711871

എഡിറ്റോറിയൽ മെമ്പേഴ്സ്
റവ. സി. കാതറിൻ CHF 9497301738
ശ്രീ. ജെയ്സൺ കൂള 9495062073
ശ്രീ. ടോണി തരകൻ 9447728883
ശ്രീ. ജെയിംസ് കളപുരയ്ക്കൽ 9847551115
ശ്രീ. ജോഫിൻ കൊളങ്ങര 8943554456
ശ്രീ. ജോർജ്ജ് കൈപ്പറമ്പിൽ 9447458560
ശ്രീ. ഫ്രാൻസീസ് അറങ്ങാശ്ശേരി 9847484720
ശ്രീമതി സ്റ്റാർലിൻ വർഗ്ഗീസ് 9496093192
എക്സ് ഒഫിഷ്യോ മെമ്പർമാർ
ശ്രീ. മേജോ കെ.ജെ 9847865010
(കേന്ദ്രസമിതി കൺവീനർ)
ശ്രീമതി ജോർളിൻ ജോഷി 9544962005
(കേന്ദ്രസമിതി സെക്രട്ടറി)
നടത്തുകൈക്കാരൻ
ശ്രീ. ജോഷി കൊള്ളന്നൂർ 9447442448

## താളുകളിലൂടെ...

| | |
|---|---|
| എഡിറ്റോറിയൽ | 02 |
| ഓർമ്മിക്കുക ആചരിക്കുക | 03 |
| ഇടയശബ്ദം | 04 |
| പ്രതിനിധിയോഗ തീരുമാനങ്ങൾ | 05 |
| പൗലായിലെ പ്രവചിക്കുന്ന വിശുദ്ധൻ | 06 |
| ശരണഗീതം | 07 |
| വിശ്വാസവഴിയിലെ സംശയങ്ങൾ | 09 |
| കുടുംബകൂട്ടായ്മ വാർത്തകൾ | 11 |
| വിശുദ്ധവാരാ കർമ്മങ്ങൾ | 12 |
| കൃപചൊരിയൂ വല്ലഭാ.. | 13 |
| 22–ാം സങ്കീർത്തം | 14 |
| വീണ്ടും ഒരു നോമ്പുകാലഘട്ടംകൂടി | 15 |
| വ്യക്തികളുടെ സ്വാധീനം | |
| നമ്മുടെ ജീവിതത്തിൽ | 16 |
| ഒലയുന്ന പ്രണയങ്ങൾ തകരുന്ന ജീവിതങ്ങൾ | 17 |
| വിശ്വാസവും സർഗ്ഗാത്മകതയും | 18 |
| വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ | 20 |
| ഈശോയുടെ മുൾമുടി ധാരണവും | |
| ചമ്മട്ടിയടിയും | 21 |
| ബൈബിൾക്വിസ് | 22 |
| ചായക്കൂട്ട് മത്സരം | 24 |

നടത്തുകൈക്കാരൻ
ശ്രീ. ജോഷി കൊള്ളന്നൂർ 9447442448

### പള്ളി ഓഫീസ് സമയം

| | |
|---|---|
| സാധാരണ ദിവസങ്ങളിൽ | 7.00 a.m. - 8.00 a.m. |
| | 6.00 p.m. - 8.30 p.m. |
| ഞായർ | 10.30 a.m. - 12.30 p.m. |

തിങ്കൾ അവധി

### ഇടവക പള്ളിയിലെ വിശുദ്ധ കുർബ്ബാന സമയം

സാധാരണ ദിവസം – 6.30 a.m
ഞായർ – 6.30 a.m 9.45 a.m

കവ്വാർ : വിൽസൺ ആളൂർ കൊക്കൻ– +919745844551

# എഡിറ്റോറിയൽ

## അല്പം ഈസ്റ്റർ വിശേഷങ്ങൾ



ക്രിസ്തുവർഷം 325ൽ കൂടിയ നിഖ്യാസൂനഹദോസിൽ വച്ചാണ് ഈസ്റ്റർ ആചരിക്കേണ്ടതിനെപ്പറ്റി തീരുമാനമുണ്ടായത്. നിസാൻ മാസം 14ന് ശേഷം വരുന്ന ഞായറാഴ്ചയാണ്. എല്ലാസഭകളും ഉത്ഥാനപെരുന്നാളായി തീരുമാനിച്ചത്. വസന്തകാലത്ത് (മാർച്ച്- ഏപ്രിൽ മാസങ്ങൾ) നിസാൻ മാസം വരുന്ന ദിവസമായ മാർച്ച് 21ന് ശേഷം ആദ്യപൂർണ്ണചന്ദ്രന് ശേഷമുള്ള ആദ്യ ഞായർ. ഈസ്റ്റർ ആയി നിശ്ചയിക്കുന്ന രീതിയാണ് ഇപ്പോഴുള്ളത്. അങ്ങനെയെങ്കിൽ മാർച്ച് 22നും ഏപ്രിൽ 25നും ഇടയിലായിരിക്കും ഈ തീയതി. ഗ്രിഗോറിയൻ കലണ്ടർ പ്രകാരം ഒരേ ദിനമാണ് കേരളത്തിലെ മിക്കസഭകളും ഈസ്റ്റർ ആഘോഷിക്കുന്നത്.

യേശു മരിച്ച് ഉയിർത്തെഴുന്നേറ്റ് മൂന്നു നൂറ്റാണ്ടോളം ഈസ്റ്റർ അറിയപ്പെട്ടിരുന്നത് 'പാസ്ക്ക' എന്ന പേരിലാണ്. യഹൂദരുടെ പെസഹാ മുതൽ ഉയിർപ്പുദിനം വരെയുള്ള ദിവസങ്ങളാണ്. 'പാസ്ക്ക' എന്ന പേരിൽ അറിയപ്പെട്ടിരുന്നത്.

ഇനി ഈസ്റ്റർ മുട്ടയെപ്പറ്റി പറയുകയാണെങ്കിൽ - ഉയിർപ്പ് തിരുനാളിന്റെ പ്രതീകമായാണ് ഇതിനെ കാണുന്നത്. ക്രിസ്തുമസ്സിന് കേക്കുപോലെ. പുരാതന മെസൊപ്പോട്ടോമിയയിൽ നിന്നാണ് ഈസ്റ്റർ മുട്ടകളുടെ ഉത്ഭവം, ഇത് പ്രതീക്ഷയുടെയും, പുതുജീവന്റെയും നാന്ദിയാണ്. വിദേശരാജ്യങ്ങളിൽ പല നിറത്തിലും, ഡിസൈനുകളിലും ചായം പൂശിയാണ് ഈ മുട്ടകൾ നൽകുക. ഇവിടെ നമ്മൾ പുഴുങ്ങിയ കോഴിമുട്ടകൾ ആണ് ഈസ്റ്ററിന് ദേവാലയങ്ങളിൽ നൽകുക. ഈസ്റ്റർ ബണ്ണിനെക്കുറിച്ച് കേട്ടിട്ടുണ്ടോ? ഒരു സാങ്കൽപിക കഥാപാത്രങ്ങളാണീ മുയലുകൾ. പല നിറങ്ങളിലുള്ള മുട്ടകൾ കൈയിലേന്തി കുട്ടികൾക്ക് സമ്മാനം നൽകാനാണ് ഈ ബണ്ണികൾ എത്തുന്നത്. അമേരിക്കയിലാണീ പതിവ് കാണുന്നത്.

ഇനിയുമുണ്ട് ഈസ്റ്റർ വിശേഷങ്ങൾ. പസഫിക്ക് സമുദ്രത്തിന്റെ ഓരത്തായി ഈസ്റ്ററിന്റെ പേരിലൊരു ദ്വീപ് തന്നെയുണ്ട്. 'റാപന്വയേ' എന്ന പ്രത്യേക ഭൂപ്രദേശമായിട്ടാണ് ഇത് അറിയപ്പെടുന്നത്. ചിലിയുമായി ചേർന്ന ഈ ദ്വീപിൽ ആദ്യമായി എത്തിയ യൂറോപ്യൻ സഞ്ചാരി ജാക്കബ് റോജീവിൻ ആണ് ഈ ദ്വീപിന് ഈ പേരിട്ടത്.

നോവുകളില്ലാതെ വിജയമില്ലെന്ന സനാതന സത്യമാണ് ഓരോ ഈസ്റ്ററും നമ്മെ

ഓർമ്മിപ്പിക്കുന്നത്. വിശുദ്ധവാരത്തിലെ ഓരോ ദിവസവും നാം യേശുവിന്റെ പീഡാനുഭവവും കുരിശുമരണവും സ്മരിക്കുമ്പോൾ പ്രത്യാശയുടെ കിരണം ഉദിച്ചു കൊണ്ട് ഈസ്റ്റർ ആഗതമാകുന്നു. ഉത്ഥാനത്തിലൂടെ പ്രതീക്ഷയുടെ തിരിനാളം നമ്മുടെ ഹൃദയങ്ങളിൽ ഉജ്ജ്വലിപ്പിച്ച് മറ്റൊരു ക്രിസ്തുവായി രൂപാന്തരം പ്രാപിക്കാൻ ഈ ദിനങ്ങൾ നമ്മെ പ്രചോദിപ്പിക്കട്ടെ.

ഈസ്റ്ററിന്റെ മംഗളങ്ങൾ ഏവർക്കും നേർന്നുകൊണ്ട്,

**പത്രാധിപസമിതി**




## ഓർമ്മിക്കുക ആചരിക്കുക

### 2024 മാർച്ച്

| | | |
|---|---|---|
| 01.03.24 | വെള്ളി | മാസാദ്യവെള്ളി |
| 02.03.24 | ശനി | വി. ആഗ്നസ് |
| 05.03.24 | ചൊവ്വ | വി. ആഡ്രിയാൻ |
| 06.03.24 | ബുധൻ | പാതിനോമ്പ് |
| 08.03.24 | വെള്ളി | വി. യോഹന്നാൻ |
| 13.03.24 | ബുധൻ | വി. എവുപ്രാസ്യ |
| 17.03.24 | ഞായർ | പാലയൂർ മഹാതീർത്ഥാടനം |
| 19.03.24 | ചൊവ്വ | വി. യൗസേപ്പിതാവിന്റെ മരണത്തിരുന്നാൾ |
| 22.03.24 | വെള്ളി | 40-ാം വെള്ളി, വി. സക്കറിയാസ് |
| 24.03.24 | ഞായർ | ഓശാനഞായർ |
| 25.03.24 | തിങ്കൾ | മംഗളവാർത്തത്തിരുനാൾ |
| 28.03.24 | വ്യാഴം | പെസഹാവ്യാഴം |
| 29.03.24 | വെള്ളി | ദുഃഖവെള്ളി |
| 30.03.24 | ശനി | ദുഃഖശനി |
| 31.03.24 | ഞായർ | ഉയിർപ്പുഞായർ |

# ഇടയശബ്ദം



സ്നേഹമുള്ള കുടുംബാംഗങ്ങളേ,

ഒത്തിരിയേറെ സന്തോഷത്തോടെ ദൈവം ഭരമേൽപ്പിച്ച ദൗത്യവുമായി പുതിയ ഇടത്തിൽ ഞാൻ നിങ്ങളോടൊപ്പം ചേരുകയാണ്. ദൈവമഹത്വത്തിനും ദൈവജന നന്മക്കുമായി ഇവിടത്തെ എന്റെ പൗരോഹിത്യജീവിതം കാരണമാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു, പ്രാർത്ഥിക്കുന്നു; ഈ നിയോഗപൂർത്തീകരണത്തിനായി നിങ്ങളും എനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് പ്രത്യാശിക്കുന്നു.

ആത്മവിശുദ്ധീകരണത്തിന്റെ നോമ്പുകാലത്തിലൂടെ നമ്മൾ കടന്നുപോവുകയാണല്ലോ. ജീവിതത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുവാനും കുറവുകളെ കണ്ടെത്തി പരിഹരിക്കുവാനുമുള്ള അവസരമാണല്ലോ ഇത്. ഈ ദൗത്യം പൂർത്തീകരിക്കപ്പെടുന്നത് വിശുദ്ധി തന്നെയായ ദൈവത്തിന്റെ ചൈതന്യം - ദൈവകൃപ- നമ്മിൽ നിറയുമ്പോഴാണ്. അങ്ങിനെയെങ്കിൽ നോമ്പുകാലത്തിലെ നമ്മുടെ എല്ലാ പരിശ്രമങ്ങളുടെയും ആത്യന്തികമായ ലക്ഷ്യം ദൈവികകൃപ സ്വന്തമാക്കുക എന്നതാണ്, അതിലൂടെ ആത്മവിശുദ്ധീകരണവും.

ഇത് സ്വന്തമാക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ഈ ദിവസങ്ങളിൽ നമ്മൾ ധ്യാനിച്ചിട്ടുണ്ട്. പ്രാർത്ഥനയും ഉപവാസവും ദാനധർമ്മങ്ങളും. ക്രിസ്തുവിന്റെ ഗത്സമനിയിലെ തീവ്രതയുള്ള പ്രാർത്ഥന - പിതാവിനോടുള്ള ഗാഢബന്ധം - നമ്മുടെ പ്രാർത്ഥനകളുടെയും അടിസ്ഥാനമാകട്ടെ; പരസ്യജീവിതത്തിന്റെ മുന്നൊരുക്കമായുള്ള ക്രിസ്തുവിന്റെ 40 ദിവസത്തെ ഉപവാസം പിശാചിനെ തോൽപ്പിക്കത്തക്ക ആത്മബലത്തിന്റെ ഉറവയായി മാറിയെങ്കിൽ, നമ്മുടെ കൊച്ചുപരിത്യാഗപ്രവർത്തികളുടെയും ഉപവാസത്തിന്റെയും ലക്ഷ്യം ദൈവൈക്യത്തിലൂടെ കരഗതമാകുന്ന ഈ ആത്മബലമാകട്ടെ; കുരിശിലെ പരമബലിയിൽ മനുഷ്യകുലത്തിനായി തന്നെത്തന്നെ പൂർണ്ണമായി ദാനം ചെയ്ത ക്രിസ്തുവിന്റെ മാതൃകയിൽ, അപരന്റെ വേദനയിൽ പങ്കുചേർന്ന് സമരിയക്കാരനെപ്പോലെയും വിധവയെപ്പോലെയും എല്ലാം മറന്ന് അവന്റെ വേദനക്കുത്തരമാകുന്ന ദാനധർമ്മങ്ങൾ നമ്മുടെയും ജീവിതത്തിന്റെ ഭാഗമാകട്ടെ. അങ്ങനെ അർത്ഥപൂർണ്ണമായി നോമ്പ് ആചരിച്ച്, ദൈവകൃപയിൽ കുളിച്ച് ആത്മവിശുദ്ധീകരണം പ്രാപിച്ച് ദൈവൈക്യജീവിതം പ്രാപിക്കുവാൻ ഏവർക്കും സാധിക്കട്ടെ.

സ്നേഹപൂർവ്വം, **വർഗ്ഗീസച്ചൻ**

# പ്രതിനിധിയോഗ തീരുമാനങ്ങൾ

## 18.02.2024

1. 2023 ഡിസംബർ, 2024 ജനുവരി മാസങ്ങളിലെ കണക്കും, ഓഡിറ്റ് റിപ്പോർട്ടും പ്രതിനിധിയോഗ റിപ്പോർട്ടും വായിച്ചു പാസ്സാക്കി.
2. ഫൊറോന കൗൺസിൽ മെമ്പർമാരായി ഇടവകയിൽ നിന്നും 1) ആന്റണി ചിരോത 2) മേഫി ഡെൽസൺ കരേരക്കാട്ടിൽ 3) പ്രിൻസ് വിൻസന്റ് കരേരക്കാട്ടിൽ എന്നിവരെ തെരഞ്ഞെടുത്തു.
3. 37-ാം നമ്പ്ര് കല്ലറ റിസർവ്വ് ചെയ്യാനുള്ള അപേക്ഷയിൽ, യോഗം പരിഗണിച്ചു. കല്ലറ കമ്മിറ്റി തീരുമാനമെടുത്ത് പ്രതിനിധിയോഗം അംഗീകരിക്കുന്ന മുറക്ക് പ്രസ്തുത അപേക്ഷയിൽ തീരുമാനമെടുക്കവാൻ തീരുമാനിച്ചു. അതുവരെക്കും ആ കല്ലറയിൽ ആരെയും സംസ്കരിക്കേണ്ടതില്ല എന്നും യോഗം തീരുമാനിച്ചു.
4. ശവസംസ്കാര ചടങ്ങിന് വാഹനം, മൃതശരീരം സെമിത്തേരിയിൽ അടക്കം ചെയ്യാൻ ഉപകരണം എന്നിവ ഇടവകപള്ളിയിൽ വാങ്ങണമെന്ന് ആവശ്യപ്പെട്ട അപേക്ഷ ഇപ്പോൾ അനുവദിക്കേണ്ട എന്ന് തീരുമാനിച്ചു.
5. റീജണൽ ട്രാൻസ്പോർട്ട് ഓഫീസർ, തൃശൂരിന്റെ അപേക്ഷപ്രകാരം റോഡ് ബോധവൽക്കരണ ക്ലാസ്സിന് സെന്റ് ജോസഫ് ഹാൾ അനുവദിക്കുന്നതിന് കൈക്കാരന്മാരുടെ തീരുമാനത്തിന് വിധേയമായി ഉചിതമായ തുക നിശ്ചയിച്ച് വികാരിയച്ചന്റെ അനുവാദത്തോടെ നൽകാവുന്നതാണ്.
6. നമ്മുടെ ഇടവകയിലേക്ക് ഡീക്കന്റെ പ്രവർത്തനം ആത്മീയവളർച്ചക്ക് നല്ലതാണ് എന്ന് യോഗം അഭിപ്രായപ്പെട്ടു.
7. നമ്മുടെ ഇടവകയിലേക്ക് വാഷിംഗ് മെഷീൻ വാങ്ങുവാൻ തീരുമാനിച്ചു.
8. പെസഹാവിരുന്ന് അർത്ഥപൂർണ്ണമായും ലളിതമായും നടത്താൻ തീരുമാനിച്ചു.
9. പാലയൂർ തീർത്ഥാടനത്തിന് ഷിജു കൊക്കനെ ഇടവക കൺവീനറായി തീരുമാനിച്ചു.
10. ഈസ്റ്റർ ദിനത്തിൽ ഈസ്റ്റർ എഗ്ഗ് നൽകാൻ തീരുമാനിച്ചു.

**അഡ്വ. നെറ്റോ എൻ. ജെ.**,
പ്രതിനിധിയോഗം സെക്രട്ടറി

## വാർഷികധ്യാനം

**2024 മാർച്ച് 21, 22, 23**

**വൈകീട്ട് 5.30ന് ദിവ്യബലി തുടന്ന് ധ്യാനം 9 മണിവരെ**

നയിക്കുന്നത് : **റവ. ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ**

ഈ ദിവസങ്ങളിൽ കാലത്ത് 6.30നുള്ള ദിവ്യബലി ഉണ്ടായിരിക്കുന്നതല്ല

# പൗലായിലെ പ്രവചിക്കുന്ന വിശുദ്ധൻ

– മരിയ ബ്രൂസ്, സെന്റ് തോമസ് യൂണിറ്റ്



അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിനെപ്പോലെ തന്റെ മകനും വിശുദ്ധനായിത്തീരണമെന്നാഗ്രഹിച്ച ഒരു പിതാവും മാതവും നേപ്പിൾസിനടുത്തുള്ള കലാബ്രിയായിലെ പൗലാ എന്ന പട്ടണത്തിലുണ്ടായിരുന്നു. 1416ൽ അവർക്കു ജനിച്ച മകനും അവർ ഫ്രാൻസിസ് എന്നുതന്നെ വിളിച്ചു. ദൈവഭക്തരും, ദരിദ്രരുമായ ഈ മാതാപിതാക്കൾ മകനെ വിദ്യാഭ്യാസത്തിനയച്ചത് ഒരു ഫ്രാൻസിസ്ക്കൻ സ്കൂളിലേയ്ക്കാണ്. അവിടുത്തെ സന്യാസിമാരേക്കാൾ കൂടുതൽ പ്രാർത്ഥനയും പ്രായശ്ചിത്തവും, ഏകാന്തതയും ബാലനായ ഫ്രാൻസിസ് അനുഷ്ഠിച്ചിരുന്നു.

പിതാവിന്റെ കൂടെ ഒരു ദിവസം അസ്സീസിയിലേക്ക് ഒരു തീർത്ഥയാത്ര നടത്തിയതോടെ അവനിൽ ദൈവഭക്തിയും, പരസ്നേഹവും കൂടുതൽ വർദ്ധിച്ചു. തിരിച്ചെത്തിയ യുവാവ് വീട്ടിൽ നിന്നും കുറച്ചകലെ ഒരു കുടിൽ കെട്ടി പ്രാർത്ഥനയും ഏകാന്തവാസവുമായി അവിടെ കഴിഞ്ഞു. രണ്ടുവർഷം കഴിഞ്ഞപ്പോൾ രണ്ടുപേർ ഇവനെ അനുകരിച്ച് ജീവിക്കാൻ വന്നു. കിടക്കാൻ ഒരു പലകയും തലയിണയായി ഒരു പാറക്കല്ലും മാത്രം. ഈ പുണ്യോചിത ജീവിതം കണ്ട് അനേകം അനുയായികൾ ഉണ്ടായി. 1454ൽ ഒരു ആശ്രമം സ്ഥാപിച്ചു. ചെറിയവരുടെ സഭ - ഓഡർ ഓഫ് മിനിംസ് (Order of Minims) നിലവിൽ വന്നു. എളിമയെ ഇഷ്ടപ്പെട്ട് പുണ്യജീവിതം നയിക്കുന്നതിനാലാണ് ചെറിയവരുടെ സഭ എന്ന് പേരിട്ടത്. അല്പം റൊട്ടിയും വെള്ളവുമാണ് ഭക്ഷണം, വലിയ തിരുനാളുകൾക്ക് ഒരുക്കമായി അത് രണ്ടു ദിവസത്തിലൊരിക്കലാവും. മത്സ്യം, മാംസം, മുട്ട, പാൽ ഇതെല്ലാം ഈ സഭയിൽ വിലക്കിയിരുന്നു.

ഇറ്റലിയിലും സിസിലിയിലും ഈ സഭയ്ക്ക് ശാഖാ ഭവനങ്ങൾ സ്ഥാപിച്ചത് അന്നത്തെ നേപ്പിൾസിലെ രാജാവിന് ഇഷ്ടപ്പെട്ടില്ല. തന്റെ അനുവാദം കൂടാതെയാണ് എന്ന് കുറ്റമാരോപിച്ച് ഫ്രാൻസിസിനെ പിടികൂടാൻ ഉത്തരവായി. ഉദ്യോഗസ്ഥരാവട്ടെ ഇവരുടെ ഏറ്റവും എളിയ അവസ്ഥകണ്ട് രാജാവിനെ കാര്യം ഉണർത്തിച്ചു. ഉത്തരവ് റദ്ദാക്കുകയും ചെയ്തു. നേപ്പിൾസ് ജയിക്കും, കോൺസ്റ്റാന്റി നേപ്പിൾ എതിരാളികൾ പിടിച്ചടക്കും എന്ന് ഫ്രാൻസിസ് പ്രവചിച്ചത് സംഭവിച്ചു. ഫ്രാൻസിലെ രാജാവ് ലൂയി 11-ാമൻ മരണഭയം മൂലം വിഷമിച്ചപ്പോൾ മാർപ്പാപ്പ ഫ്രാൻസിസിനെ കൊട്ടാരത്തിൽ താമസിക്കാൻ നിർദ്ദേശിച്ചു. രാജാവിനെ ആശ്വസിപ്പിച്ച് നന്മരണത്തിന് ഒരുക്കുകയുണ്ടായി.

തന്റെ ഒടുവിലെ 3 മാസം ഏകാന്തതയിലായിരുന്നു. 91-ാം വയസ്സിൽ ഒരു ദുഃഖവെള്ളിയാഴ്ച വിശുദ്ധൻ ദൈവത്തിൽ നിദ്ര പ്രാപിച്ചു. അവസാനം ഉച്ചരിച്ചതിങ്ങനെയാണ്. "കർത്താവെ, അങ്ങെ കൈകളിൽ എന്റെ ആത്മാവിനെ സമർപ്പിക്കുന്നു."

# ശരണഗീതം

**അഡ്വ. ജോസ് ഡേവിസ്**
**ലിറ്റിൽ ഫ്ളവർ യൂണിറ്റ്**



പൊറുക്കൂ പ്രഭോ അപരാധമൊക്കെയും
മറക്കൂ പ്രഭോ
മനപ്പൂർവ്വമല്ലാത്ത
വാക്കുകൾ, ചെയ്തികൾ, ദുശ്ചിന്തകൾ (2)

അറിഞ്ഞു, ഞാനെങ്കിലും സുവിശേഷസാരം
ഗ്രഹിക്കുവാനേറെനാൾ
വേണ്ടി വന്നു
നിന്റെ കാരുണ്യത്തിൻ സാഗരം പോലെ തൻ
നീതിയാലുള്ള നിൻ വിധിതീർപ്പുകൾ (2)

ധൂർത്തനായ് വഴി തെറ്റി നടന്നു
ഞാനെത്ര നാൾ
പാഴ്മരമെന്ന പോൽ " വീഴും മുമ്പേ "
മാറ്റി നിർത്താനായി താങ്ങിയെടുത്ത നിൻ
ആശ്രയമെന്നേക്കും
ശ്രയണം സുകൃതം (2)

ഭാസുര നയനത്താൽ
ദൈവത്തെ കാണാൻ
കൊതി പൂണ്ട് ഹൃദയത്തിൽ
വ്യഥയേറവേ
ചെറിയവരോടൊപ്പം,
എളിയവരോടൊപ്പം
നീയുണ്ടെന്നറിയുന്നെന്നീശോ
നാഥാ (2)

# Special Institute for Practical Language

**This institute offers proficiency and efficiency courses in English language**

- Various levels of speaking such as base communication level, Discussion level, Debate level and orator level.
- Total duration of course 6 months. 125 sessions *90 minutes.
- First 5 sessions are demo sessions and genuine candidates can attend without remitting any fee.
- This institute mainly focus on the improvement and up-gradation of the speaking fluency, writing skills, reading accent and listening potential.
- In the matter of speaking level it will be guaranteed course
- The tentative date of starting the first batch will be on 01-04-2024

**Opp : L F Convent, KLM Road, Olarikkara.**

**Booking only through Phone : 8136833242, 9048152904**



# വിശ്വാസവഴിയിലെ സംശയങ്ങൾ

**സീറോ മലബാർ മതബോധന കമ്മീഷൻ പ്രസിദ്ധീകരണം**

***ഈശോയുടെ മരണത്തെക്കുറിച്ചും (ദിവസവും മാസവും) ഈശോയുടെ മുഖഛായയേക്കുറിച്ചും നമ്മുടെ അറിവ് എപ്രകാരമാണ്.***

ഈശോയുടെ ജനനം സംഭവിക്കുന്നത് ചരിത്രത്തിലാണ്. ഈശോ ജനിച്ചത് യൂദയായിൽ ഹേറോദേസിന്റെ ഭരണകാലത്തിന്റെ അവസാന കാലഘട്ടത്തിൽ ആണെന്ന് ബൈബിൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ബി.സി. 37 മുതൽ ബി.സി. 4ന്റെ അവസാനം അല്ലെങ്കിൽ 3ന്റെ ആരംഭംവരെയാണ് ഹേറോദേസ് രാജാവ് റോമിന്റെ സാമന്തരാജാവായി പലസതീനായിൽ ഭരണംനടത്തിയിയിരുന്നത് എന്ന് ചരിത്രം രേഖപ്പെടുത്തുന്നു.

ഈശോ ജനിക്കുന്ന സമയത്ത് ഹേറോദേസ് പലസ്തീനായുടെ രാജാവായിരുന്നു എങ്കിൽ ഈശോയുടെ ജനനം ബി.സി. 4 ന്റെ അവസാനത്തോടടുത്താണ് സംഭവിച്ചത് എന്ന് നമുക്ക് ഊഹിക്കാം. ഈശോയുടെ പരസ്യജിവിതം ആരംഭിക്കുമ്പോൾ ജറുസലെം ദൈവാലയം പണിയാനെടുത്ത കാലഘട്ടത്തെക്കുറിച്ച് വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ സൂചിപ്പിക്കുന്നുണ്ട്. "ഈ ദൈവാലയം പണിയുവാൻ നാൽപത്താറു സംവത്സരമെടുത്തു" (യോഹ. 2:20). ജറുസലെം ദൈവാലയത്തിന്റെ പണി ആരംഭിക്കുന്നത് വാസ്തവത്തിൽ ബി.സി 20 ലാണ്. പണിതുടങ്ങിയിട്ട് 46 കൊല്ലമായി എന്നു പറയണമെങ്കിൽ ഈശോയ്ക്ക് അത് എ.ഡി 26 ആയിരിക്കണം അപ്പോൾ തന്റെ പരസ്യജീവിതം തുടങ്ങുമ്പോൾ ഈശോയ്ക്ക് 30 വയസ്സ് പ്രായമുണ്ടായിരുന്നു (ലൂക്കാ 3:23). ബി.സി 4 ന്റെ അവസാനത്തിലാണ് ഈശോ ജനിക്കുന്നതെങ്കിൽ എ.ഡി 26-ന് ജറുസലെം ദൈവാലയം പണിതുടങ്ങിയിട്ട് 46-ാം വർഷത്തിൽ ഈശോയ്ക്ക് 30 വയസായി എന്ന് വിശുദ്ധ യോഹന്നാന്റെയും ലൂക്കാ സുവിശേഷകന്റെയും സാക്ഷ്യങ്ങൾ തമ്മിൽ പൊരുത്തമുണ്ട്. ഈശോയുടെ മരണം സംഭവിച്ചതാകട്ടെ പരസ്യ ജീവിതം ആരംഭിച്ചു മൂന്ന് പെസഹാത്തിരുനാളുകൾക്ക് ശേഷമാണ്. പരസ്യജീവിതത്തിൽ ഈശോ അത് ആഘോഷിക്കുന്നുമുണ്ട്.

മൂന്നാമത്തെ പെസഹാത്തിരുനാളിലാണ് ഈശോ മരിക്കുന്നത്. എ.ഡി 26 അവസാനമാണ് ഈശോയുടെ പരസ്യജിവിതം ആരംഭിക്കുന്നത്. അപ്പോൾ ഈശോയ്ക്ക് 30 വയസായി എങ്കിൽ 33-ാം വയസിൽ ആണ് ഈശോ മരിക്കുന്നത്. ഇതിനെക്കുറിച്ച് ഒത്തിരിയേറെ ഗവേഷണങ്ങൾ നടത്തിയിട്ടുള്ള പണ്ഡിതന്മാരുടെ നിഗമനമനുസരിച്ച്

ഈശോയുടെ മരണം എ.ഡി 30ന്റെ അവസാനമാണെന്നാണ് കണ്ടെത്തിയത്. ഉദാഹരണമായി 'മിശിഹായുടെ മരണം' എന്ന പേരിലുള്ള ഒരു വിഖ്യാത ഗ്രന്ഥമുണ്ട്. ഈ ഗ്രന്ഥത്തിലുള്ള അനേകായിരം ചരിത്രരേഖകൾ പരിശോധിച്ചുകൊണ്ടാണ് ഈശോ മരിച്ചത് എ.ഡി. 30 എപ്രിൽ മാസം 7-ാം തീയതിയാണെന്ന നിഗമനത്തിലെത്തുന്നത്.

കാരണമെന്തെന്നു ചോദിച്ചാൽ ഈശോ മരിച്ചദിവസം വലിയ ഒരു സാബത്തായിരുന്നു എന്ന് യോഹന്നാൻ ശ്ലീഹാ സാക്ഷ്യപ്പെടുത്തുന്നുണ്ട് (യോഹ 19:31). വലിയ സാബത്തായിരുന്നു എന്നുപറഞ്ഞാൽ ആ വർഷത്തെ സാബത്ത് നീസാൻ മാസം 15-ാം തീയതിയിലെ പെസഹാത്തിരുനാൾ ഒരു ശനിയാഴ്ച സാബത്തു ദിവസമായിരുന്നു എന്നാണ് അതിൽ നിന്ന് നമുക്ക് മനസിലാകുന്നത്. ലളിതമായി പറഞ്ഞാൽ ഈശോ ജനിച്ച് ഈശോ മരിക്കുന്ന വർഷത്തിൽ നിസാൻ മാസം 15-ാം തീയതി എന്നു പറയുന്നത് ഒരു ശനിയാഴ്ചയാണ്. അപ്രകാരം ആ കാലഘട്ടത്തിലെ കലണ്ടർ പരിശോധിച്ചപ്പോൾ എ.ഡി. 25-നും എഡി 36-നും ഇടയിലാണ് നീസാൻമാസം 15-ാം തീയതി പെസഹാത്തിരുനാൾ ഒരു ശനിയാഴ്ചയായി വരുന്നത്. എ.ഡി 30-ൽ ആണത്. ജൂലിയൺ കലണ്ടറിലേക്ക് വിവർത്തനം ചെയ്യുമ്പോൾ ഏപ്രിൽ 6-ന് ആറാം മണിക്കൂറിലാണ് ഈശോയുടെ കുരിശിലെ പീഡകൾ ആരംഭിക്കുന്നത് എന്നു പറയുമ്പോൾ ഉച്ചയ്ക്ക് 12 മണിക്ക് ഈശോ കുരിശിൽ തറക്കപ്പെട്ടുവെന്നും ഉച്ചകഴിഞ്ഞ് 3 മണിക്ക് 9-ാം മണിക്കൂറിൽ ഈശോ മരണമടഞ്ഞു എന്നും നമുക്ക് അനുമാനിക്കാം.

# ദൈവദർശൻ ക്യാമ്പ് – 2024

**ഈ വർഷത്തെ വിശ്വാസ പരിശീലന വിദ്യാർത്ഥികൾക്കായുള്ള ദൈവദർശൻ ക്യാമ്പ് ഏപ്രിൽ 11, 12, 13 (വ്യാഴം, വെള്ളി, ശനി) എന്നീ ദിവസങ്ങളിൽ നടത്തപ്പെടുന്നു. L.P. വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് കാലത്ത് 9 മണി മുതൽ 12 മണിവരേയും UP & HSS വിഭാഗത്തിൽ ഉള്ള വിദ്യാർത്ഥികൾക്ക് കാലത്ത 9 മണി മുതൽ 4 മണി വരെയും ആയിരിക്കും ക്യാമ്പ്. Std 1 മുതൽ ACC വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾ ക്യാമ്പിൽ മുടക്കം കൂടാതെ പങ്കെടുക്കേണ്ടതാണ്. മാതാപിതാക്കൾ ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.**

# കുടുംബകൂട്ടായ്മ വാർത്തകൾ

## സെന്റ് തോമാസ് കുടുംബകൂട്ടായ്മ

സെന്റ് തോമാസ് കുടുംബകൂട്ടായ്മ 18.2.24ന് വൈകീട്ട് 4.30ന് തേറാട്ടിൽ ബാജുവിന്റെ ഭവനത്തിൽ പ്രാർത്ഥനയോടെ ആരംഭിച്ചു. പുതിയ വികാരി റവ.ഫാ. വർഗ്ഗീസ് എടക്കളത്തൂരിനെ സ്വാഗതാശംസകളോടെ പൂച്ചെണ്ടുനൽകി സ്വീകരിച്ചു. ഫൊറോന കൗൺസിൽ മെമ്പറായി തിരഞ്ഞെടുത്ത ആന്റണി ചീരോതയെ ആദരിച്ചു. കുടുംബങ്ങളിൽ വരും തലമുറയ്ക്ക് എങ്ങനെ വിശ്വാസം കൈമാറാം എന്നതിനെക്കുറിച്ച് വികാരിയച്ചൻ നല്ല ഒരു സന്ദേശം നൽകി. നറുക്കെടുപ്പിൽ ജോയ് ജോർജ്ജ് സമ്മാനർഹനായി. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം വ്യക്തമാക്കാൻ ബാജൂവിന് ഒരു ചെടി സമ്മാനിച്ചു. ഡൽഹിയിൽ വച്ചുനടത്തിയ യോഗ മത്സരത്തിൽ അവാർഡ് നേടി, അന്തർദേശീയ തലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട നേഹാ നെറ്റോയെ യോഗത്തിൽ ആദരിച്ചു. 6 മണിക്ക് യോഗം സമാപിച്ചു.



പ്രവർത്തന അവലോകനം:

നോമ്പിലെ ആദ്യവെള്ളിയാഴ്ച 6 മണിക്ക് കൂട്ടായ്മയിലെ അംഗങ്ങൾ പാർക്കിനുചുറ്റും കുരിശിന്റെ വഴി പ്രാർത്ഥന നടത്തി.

തേറാട്ടിൽ കുര്യൻ സാറിന്റെ 92-ാം ജന്മദിനം വികാരിയച്ചന്റെ സാന്നിധ്യത്തിൽ യൂണിറ്റംഗങ്ങൾ കേക്ക് മുറിച്ചും ഹൈഡ്രജൻ ബലൂൺ പറപ്പിച്ചും സാഘോഷം കൊണ്ടാടി.



2022 - 23 ലെ യൂണിറ്റിന്റെ പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കി ബെസ്റ്റ് യൂണിറ്റിന്റെ തിരഞ്ഞെടുപ്പിലേക്കായി ഫാമിലി അപ്പസ്തോലേറ്റിൽ ഏല്പിച്ചു.

കാരുണ്യ പ്രവർത്തിയുടെ ഭാഗമായി അയ്യന്തോളിലെ ഒരു ഭവനത്തിൽ സ്ട്രോക്ക വന്ന് കിടപ്പിലായ അമ്മയേയും മകനേയും യൂണിറ്റംഗങ്ങൾ സന്ദർശിച്ച് സഹായം നൽകുകയുണ്ടായി.

# വിശുദ്ധവാര കർമ്മങ്ങൾ



## മാർച്ച് 24 ഓശാന ഞായർ

6.30 am : ദിവ്യബലി, കുരുത്തോലപ്രദക്ഷിണം

9.45 am : ദിവ്യബലി.

## മാർച്ച് 28 പെസഹാവ്യാഴം

6.30 am : ദിവ്യബലി കാൽകഴുകൽ ശുശ്രൂഷ, ദിവ്യകാരുണ്യ പ്രദക്ഷിണം തുടർന്ന് ആരാധന

### ആരാധനയ്ക്ക് നേതൃത്വം വഹിക്കുന്നത്

9-10 am : സെന്റ് ജോസഫ്, സെന്റ് ആന്റണീസ്

10-11 am : ലിറ്റിൽ ഫ്ളവർ, സെന്റ് മേരീസ്

11-12 am : സെന്റ് അൽഫോൻസ, ഹോളി ഫാമിലി

12 noon - 1 pm : ഹോളി ട്രിനിറ്റി, ക്രിസ്തുരാജ

1-2 pm : സെന്റ് തോമസ്, സെന്റ് സേവ്യർ

2-3 pm : സെന്റ് പോൾസ്, സെന്റ് പീറ്റർ

3-4 pm : സെന്റ് ജോൺസ്, മഡോണ

4-5 pm : സെന്റ് സെബാസ്റ്റ്യൻ, സി.എൽ.സി., മാതൃവേദി, AKCC

5-6 pm : ലീജിയൻ ഓഫ് മേരി, ഫ്രാൻസിസ്കൻ അല്മായസഭ, KCYM

6-7 pm : സെന്റ് വിൻസന്റ് ഡി പോൾ (പുരുഷ, വനിത), പ്രാർത്ഥന ഗ്രൂപ്പ്, ഗായകസംഘം etc.

7-8 pm : പൊതു ആരാധന

## മാർച്ച് 29 : ദുഃഖവെള്ളി

6.30 am : പീഢാനുഭവ വായന, ദിവ്യകാരുണ്യ പ്രദക്ഷിണം

5.00 pm : നഗരികാണിക്കൽ, സന്ദേശം

## മാർച്ച് 30 : ദുഃഖശനി

6.30 am : ദിവ്യബലി, ജ്ഞാനസ്നാന വ്രത നവീകരണം.

## മാർച്ച് 31 ഉയിർപ്പു ഞായർ

ശനി രാത്രി 11.30 ഉയിർപ്പു കർമ്മങ്ങൾ, തുടർന്ന് ദിവ്യബലി

ഞായർ 6.30 am : ദിവ്യബലി, 9.45ന് ദിവ്യബലി ഉണ്ടായിരിക്കുന്നതല്ല.


1st Happy Birthday
Malakha Mariyam
25-01-2024
D/o. Jomon Jose & Seena Jomon
Kuthoor House
St John's Unit, Puthurkkara

Celebarate a very Special Occasion in one of our gorgeous Holy Communion Dresses



ആദ്യകുർബാന ഡ്രസ്സുകൾ

ഫാൻസി വൈറ്റ് നെറ്റുകൾ,
ക്രൗൺ, ബൊക്കകൾ,
മെഴുകുതിരികൾ എന്നിവയുടെ
കമനീയശേഖരവുമായി
ഒരുങ്ങിയിരിക്കുന്നു...

S DESIGN
BRIDALS

M.M TOWER, FATHIMA NAGAR,
EAST FORT, THRISSUR, 680006

8129008596, 9846814311

sdesignbridals@gmail.com

s.design_bridals s_design_boutique

WEDDING GOWN | ENGAGEMENT WEAR
SAREE | BAPTISM | PARTY WEARS

# S DESIGN
## BRIDALS



M.M TOWER, FATHIMA NAGAR,
EAST FORT, THRISSUR, 680006

8129008596, 9846814311

sdesignbridals@gmail.com

s.design_bridals s_design_boutique



WEDDING GOWN
ENGAGEMENT WEAR
SAREE
BAPTISM
PARTY WEARS

# സ്നേഹസ്മരണയ്ക്ക്

40-ാം ചരമവാർഷികം

10-ാം ചരമവാർഷികം



താണിക്കൽ കോടങ്കണ്ടത്ത് ഔസേപ്പ്

## അന്തോണി

ജനനം : 25.11.1922
മരണം : 28.02.1984





താണിക്കൽ കോടങ്കണ്ടത്ത് അന്തോണി ഭാര്യ

## മേരി

ജനനം : 01.10.1925
മരണം : 16.03.2014

പ്രാർത്ഥനകളോടെ...

ആന്റോ കോടങ്കണ്ടത്ത് & ഫാമിലി

ഹോളി ഫാമിലി യൂണിറ്റ്








Baptised on 21-01-2024



# Ryan Antony Jithu

Grand Son of Anto Kodenkandath & Betty Anto
Son of Jithu Anto & Aishwarya Paul
(Holy Family Unit)

# 4th YEAR OF DEMISE

25.03.2024



## BABU P.A

**PAREKKADEN HOUSE**

**BORN : 10.08.1961**
**DIED : 25.03.2020**

With Loving Memories
Sorrowing Family

ST. SEBASTIAN UNIT

# 37-ാം ചരമദിനം

**28-02-2024**



# എൽസി ഫ്രാൻസീസ്

**W/o. തേറാട്ടിൽ കുരിയൻ ഫ്രാൻസിസ്**

**Born : 30-Oct-1947 - Died : 23- Jan - 2024**

**പ്രാർത്ഥനാപൂർവ്വം : ഭർത്താവ്, മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ**
**സെന്റ് ജോസഫ് യൂണിറ്റ്**

# THERE IS A BEAUTY HIDDEN IN VERY WOMAN

**M LOOKS**
Beauty Parlour

# BRINGS HER LIKE TO LIMELIGHT



| | |
|---|---|
| HAIR STRAIGHTENING | 2999/- |
| HAIR SMOOTHENING | 2999/- |
| HAIR BLOW DRY | 2999/- |
| HAIR VOLUMIZING | 2499/- |
| KERATIN TREATMENT | 2999/- |

| | |
|---|---|
| KERATIN HAIR SPA, ANYHAIR CUT & THREADING | 999/- |
| BRIDE MAKEOVER | 9999/- |
| GROOME MAKEOVER | 4999/- |



**LADIES & KIDS BEAUTY PARLOUR**
Civil Lane, Ayyanthole, Thrissur
9207370882

**Bridel വർക്കുകൾ**
**വീട്ടിൽ വന്ന് ചെയ്തുകൊടുക്കുന്നു**

# കൃപചൊരിയൂ വല്ലഭാ...

**ശോഭന ആന്റോ**
ഹോളി ട്രിനിറ്റി യൂണിറ്റ്

മനമുരുകി ഹൃദയം നുറുങ്ങി
പാട്ട് പാടി പ്രാർത്ഥിക്കാം
കരുണതൻ നിറകുടമെ
കരുണ ചൊരിയുവല്ലഭാ...
പാപം നീക്കി മോക്ഷം നല്കി
വീണ്ടെടുക്കു ഞങ്ങളെ
അതിക്രമങ്ങൾക്ക് മാപ്പ് നല്കി
കൃപചൊരിയു വല്ലഭാ
സൗഖ്യം നല്കി രക്ഷ നല്കി
വീണ്ടെടുക്കു ഞങ്ങളെ
ആത്മാവിൻ പുതുജീവനേകി
കൃപചൊരിയു വല്ലഭാ.
എളിമയും ശാന്തതയും
ഞങ്ങളിൽ നിറക്കണെ
മൂലപാപ ആധിപത്യം
വിടുതൽ നല്കി കാക്കണെ
കരുണതൻ കൃപാസമുദ്രം
ഞങ്ങൾക്കായ് ഒഴുക്കണെ
അടഞ്ഞുപോയ വഴികളെല്ലാം
ഞങ്ങളിൽ തുറക്കണെ.
നിന്റെ സ്നേഹം ആഴമായി
ഞങ്ങളിൽ നിറക്കണെ
എന്നും നിന്റെ മക്കളായി
സ്വീകരിക്കു ഞങ്ങളെ..
എന്നും സ്വീകരിക്കു വല്ലഭാ.



നോമ്പുകാല ചിന്തകൾ



# 22-ാം സങ്കീർത്തനം

ഗ്രെയ്സി ജോണി,
സെന്റ് തോമസ് യൂണിറ്റ്

വിലാപ സങ്കീർത്തനങ്ങളിൽപ്പെടുന്നതാണ് ഈ 22-ാം സങ്കീർത്തനം. ജീവിതത്തിന്റെ സങ്കടങ്ങളും, തകർച്ചകളും, വേദനിപ്പിക്കുന്ന അനുഭവങ്ങളും ദൈവസന്നിധിൽ ഉണർത്തിച്ചുകൊണ്ടാണ് ഈ വിലാപസങ്കീർത്തനങ്ങൾ ആരംഭിക്കുക. പക്ഷേ, അവസാനിക്കുന്നതോ, ദൈവം തന്നെ ഒരു നാളും കൈവിടുകയില്ല എന്ന വിശ്വാസത്തിൽ പ്രത്യാശയർപ്പിച്ചുമാണ്.

സങ്കീ 22/1 ൽ പറയുന്നതിങ്ങനെയാണ്. എന്റെ ദൈവമേ, എന്റെ ദൈവമേ എന്തുകൊണ്ട് അങ്ങ് എന്നെ ഉപേക്ഷിച്ചു, എന്നെ സഹായിക്കാതെയും എന്റെ രോദനം കേൾക്കാതെയും അകന്നുനിൽക്കുന്നതെന്തുകൊണ്ട്? വേദനയിലൂടെ കടന്നുപോകുന്ന ഒരു നീതിമാന്റെ പ്രാർത്ഥന. യേശു കുരിശിൽ കിടന്നു പ്രാർത്ഥിച്ചതും ഇപ്രകാരം തന്നെ. എന്റെ ദൈവമേ എന്റെ ദൈവമേ നീ എന്നെ ഉപേക്ഷിച്ചതെന്തുകൊണ്ട് (മർക്കോ 15/34). തങ്ങളുടെ ജീവിതത്തിൽ വേദനയും തകർച്ചയും ഉണ്ടാകുമ്പോൾ ഭക്തരായ യഹൂദർ സാധാരണയായി പ്രാർത്ഥിക്കാൻ ഉപയോഗിക്കുന്ന സങ്കീർത്തനങ്ങളിൽ ഒന്നാണിത്. ആരും ആശ്വസിപ്പിക്കാനില്ലാതെ എല്ലാവരാലും പരിഹസിക്കപ്പെട്ട യേശു നിലവിളിച്ചുകൊണ്ട് ഇത് ചൊല്ലയിട്ടുണ്ടാകണം. യഹൂദ പാരമ്പര്യത്തിൽ വളർന്നവനായതുകൊണ്ട് യേശുവിനും ഇത് സുപരിചിതമാണല്ലോ. ഹെബ്രാ 5/7ൽ ഇങ്ങനെ കാണുന്നു. തന്റെ ഐഹിക ജീവിതകാലത്ത് ക്രിസ്തു മരണത്തിൽ നിന്ന് തന്നെ രക്ഷിക്കാൻ കഴിവുള്ളവന് കണ്ണീരോടും വലിയ വിലാപത്തോടും കൂടെ പ്രാർത്ഥനകളും, യാചനകളും സമർപ്പിച്ചു എന്ന്.

എന്തുകൊണ്ട് സങ്കീ 22ലെ ആദ്യവാക്യം മാത്രം അവിടുന്ന് ചൊല്ലിയുള്ളൂ. ബാക്കി മുഴുവനാക്കാൻ അശക്തനായതാവും, അല്ലെങ്കിൽ മുഴുവനും രേഖപ്പെടുത്താത്തതാവാം എന്നും ചിന്തിക്കുന്നവരുണ്ട്. എന്നാൽ അങ്ങയുടെ കരങ്ങളിൽ എന്നെ സമർപ്പിക്കുന്നു എന്നു ലൂക്കാ സുവിശേഷകൻ രേഖപ്പെടുത്തിയതിലും സങ്കീ 22 ന്റെ ചൈതന്യം തന്നെയാണ്.



# വീണ്ടും ഒരു നോമ്പു കാലഘട്ടംകൂടി....

**ബീന വിൻസെന്റ്**
സെ. മേരീസ് യൂണിറ്റ്

എളിമയുടെയും പ്രായശ്ചിത്തത്തിന്റെയും അടയാളമായ ചാരം
നെറ്റിയിൽ പൂശി നാം നോമ്പുകാലത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുന്നു.
നോമ്പ് സ്വർഗ്ഗം തേടിയുള്ള യാത്രയാണ്...
നോമ്പ് സ്വയം നൽകലിന്റെ ഓർമ്മപ്പെടുത്തലാണ്.
നോമ്പ് വീണ്ടെടുക്കലിന്റെ കാലഘട്ടമാണ്.
നോമ്പ് പുനർനിർമ്മിതിയുടെ തുടർച്ചയാണ്.
നോമ്പ് ദാനം ചെയ്യലാണ്.
നോമ്പ് സ്നേഹബന്ധങ്ങളിലെ ഊഷ്മളത വീണ്ടെടുക്കലാണ്.
ചില മുറിയാത്ത നോമ്പുകൾ നമുക്ക് വേണം.
പുഞ്ചിരിക്കാതെ കടന്നുപോയിടങ്ങളിൽ പുഞ്ചിരിക്കുന്ന നോമ്പ്.
വേദനകൾ സമ്മാനിച്ച ജീവിതങ്ങൾക്ക്
സന്തോഷം തിരികെ സമ്മാനിക്കുന്ന നോമ്പ്
നോവിച്ചവരോട് ക്ഷമിക്കുന്ന നോമ്പ്
മുറിഞ്ഞുപോയ സൗഹൃദങ്ങൾ വീണ്ടെടുക്കുന്ന നോമ്പ്
അകന്നുപോയ ആധ്യാത്മികതയെ തിരിച്ചുപിടിക്കുന്ന നോമ്പ്.
ഒറ്റപ്പെട്ടുപോകുന്ന ജീവിതങ്ങളെ ചേർത്തുപിടിക്കുന്ന നോമ്പ്.
അപരനിലേയ്ക്ക് അനുകമ്പ ഒഴുക്കുന്ന നോമ്പ്
വരൂ നമ്മുക്ക് നോമ്പിന്റെ എല്ലാ അർത്ഥങ്ങളോടുകൂടി അതിനെ ഉൾക്കൊള്ളാം.
ഒരിക്കലും മുറിയാത്ത മുറിക്കാൻവേണ്ടി അല്ലാത്ത ചില നോമ്പുകൾ ജീവിതകാലം
മുഴുവൻ ജീവിതത്തോട് ചേർത്ത് നിർത്തുവാൻ ചില നോമ്പുകൾ നമുക്ക് തുടങ്ങാം.
അവ എന്നെയും നിന്നെയും ക്രിസ്തുവായി രൂപമാറ്റപ്പെടുത്തട്ടെ. കാരണം ഇനി
കാൽവരി കേറേണ്ടതും ക്രൂശിക്കപ്പെടേണ്ടതും നമ്മളാണ്.
യേശുവേ സ്തുതി.

*മരിയനാദം കേന്ദ്രകുടുംബകൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ 10-12-2023 തിയതി നടത്തിയ കലാസാഹിത്യ മത്സരത്തിൽ 18-30 വരെയുള്ള വിഭാഗത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ഉപന്യാസം*

# വ്യക്തികളുടെ സ്വാധീനം, നമ്മുടെ ജീവിതത്തിൽ

**ഏയ്ഞ്ചൽ ജെൻസൺ, ഹോളി ട്രിനിറ്റി യൂണിറ്റ്**

ഇവിടെ എന്റെ ജീവിതത്തെ ഒരു പൂന്തോട്ടമായി സങ്കൽപ്പിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. എന്റെ ജീവിതമാകുന്ന പൂന്തോട്ടത്തിന് വെള്ളവും സൂര്യപ്രകാശവുമെന്നപോലെ ഊർജ്ജം നൽകി എന്നെ മുന്നോട്ടു നയിക്കുന്ന ചില വ്യക്തികളുണ്ട്. എന്നെ സ്വാധീനിച്ച ചില വ്യക്തികൾ.

എന്നെ ഏറ്റവുമധികം സ്വാധീനിച്ച ഒരൊറ്റ വ്യക്തിയെക്കുറിച്ച് മാത്രം പറയുക എന്നത് സംഭവ്യമായ ഒരു കാര്യമല്ല. എന്നെ സ്വാധീനിച്ച എല്ലാവരെയുംപറ്റി പറയാൻ സാധിച്ചില്ലെങ്കിലും കുറച്ച് വ്യക്തികളെക്കുറിച്ച് ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുന്നു. ആദ്യംതന്നെ പറയാൻ പോകുന്നത് എന്റെ സ്വന്തം അമ്മയെപ്പറ്റിയാണ്. ജീവിതത്തിൽ കൊടുങ്കാറ്റുപോലെ പ്രതിസന്ധികൾ വന്നപ്പോൾ എന്നെയും എന്റെ സഹോദരിയേയും ചേർത്തുപിടിച്ച് പോരാടിയവളാണ് എന്റെ അമ്മ. എന്റെ ജീവിതത്തിൽ ഞാൻ പ്രതിസന്ധികൾ നേരിടുമ്പോൾ അമ്മ എനിക്ക് നൽകുന്ന ധൈര്യവും ശക്തിയും വളരെ വലുതാണ്.

അടുത്തതായി പറയാൻ പോകുന്നത് എന്റെ ഒരു അദ്ധ്യാപികയെപ്പറ്റിയാണ്. പഠനമേഖലയിൽ പ്രതിസന്ധികൾ വരുമ്പോൾ എന്റെ പ്രിയപ്പെട്ട ആ അദ്ധ്യാപികയെ ഞാൻ ഓർക്കും. അവരുടെ ജീവിതത്തിൽ ഉണ്ടായ പല സംഭവങ്ങളും ആ അദ്ധ്യാപിക ഞങ്ങളോട് തുറന്നുസംസാരിക്കാറുണ്ട്. ആ സംഭവങ്ങൾ കൂടുതലും ടീച്ചർ നേരിട്ട പ്രതിസന്ധികളെപ്പറ്റിയായിരുന്നു. എന്റെ ജീവിതത്തിലും ടീച്ചർ പിൻതുടർന്ന നല്ല മാർഗ്ഗങ്ങൾ പിൻതുടരാൻ ഞാൻ ശ്രമിക്കാറുണ്ട്.

അടുത്തതായി എന്റെ ജീവിതത്തെ സ്വാധീനിച്ച വ്യക്തിയെപ്പറ്റിയല്ല ജീവിതത്തെ പറ്റിയാണ് പറയാൻ പോകുന്നത്. ഈശോയുടെ ജീവിതം എന്നെ വല്ലാതെ സ്വാധീനിച്ച ഒന്നാണ് പുൽക്കൂട്ടിൽ പിറന്നതുമുതൽ കാൽവരിവരെയും ഈശോ, ദൈവപിതാവിന് വിധേയനായാണ് ജീവിച്ചത്.

ഈശോ കടന്നുപോയ പ്രതിസന്ധികൾ, പീഡകൾ, യാത്നകളെക്കുറിച്ച് ഓർക്കുമ്പോൾ എന്റെ ജീവിതത്തിലെ പ്രശ്നങ്ങൾ എത്ര നിസ്സാരമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ഈശോ തന്റെ ജീവിതത്തിലൂടെ സ്നേഹത്തിന്റെ വലിയ മാതൃകയാണ് നമുക്ക് നൽകിയത്. ഈശോയെപോലെ മറ്റുള്ളവരെ സ്നേഹിക്കാൻ ഈശോയുടെ ജീവിതം എന്നെ സഹായിക്കുന്നു.

അടുത്തതായി പറയാൻ പോകുന്നത് പ്രകൃതിയെപ്പറ്റിയാണ് മനുഷ്യനെ സൃഷ്ടിച്ചതുപോലെ ദൈവം പ്രകൃതിയെയും സൃഷ്ടിച്ചു. പ്രകൃതിയിൽ വരുന്ന മാറ്റങ്ങൾ, പ്രകൃതി മുന്നോട്ടുപോകുന്ന രീതികൾ എന്നെ സ്വാധീനിച്ചിട്ടുണ്ട്. ഒരു ഇല കൊഴിയുമ്പോൾ മറ്റൊന്ന് കിളിർക്കുന്നു. പ്രക്യ്തിയിൽ നടക്കുന്ന സംഭവവികാസങ്ങൾ നമ്മെ അതിശയിപ്പിക്കുന്നവയാണ്.

ഇങ്ങനെ എല്ലാവരുടേയും ജീവിതത്തിൽ നമ്മെ സ്വാധീനിച്ച ഒരുപിടി വ്യക്തത്വങ്ങൾ ഉണ്ടാകും. അവർ നമ്മുടെ ജീവിതമാകുന്ന പൂന്തോട്ടത്തിന് ജലവും പ്രകാശവുമേകി മുന്നോട്ട് പോകുവാൻ നമ്മെ സഹായിക്കുന്നു.

---

**മരിയനാദം കേന്ദ്രകുടുംബകൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ 10-12-2023 തിയതി നടത്തിയ കലാസാഹിത്യ മത്സരത്തിൽ *18-30 വരെയുള്ള വിഭാഗത്തിൽ ഒന്നാം* സ്ഥാനം കരസ്ഥമാക്കിയ കവിത.**

---

# ഉലയുന്ന പ്രണയങ്ങൾ തകരുന്ന ജീവിതങ്ങൾ

**- ആൽബിൻ ജോസഫ്, ലിറ്റിൽ ഫ്ളവർ**

പ്രണയകാവ്യം രചിക്കാൻ വെമ്പുന്ന ഹൃദയമായി
മനസ്സുകൾ കോർക്കാൻ ഉരുകുന്ന ജീവിതങ്ങൾ
ലക്ഷ്യമെന്തേ തിരിച്ചറിഞ്ഞീടാതായി?
ജീവിതവിജയത്തിനായ് ഉചിതമാം പങ്കാളി ഉത്തമം
എന്നാൽ മൂല്യമേറുന്നത് സ്വയം വിശ്വാസങ്ങൾക്കും
സ്വയം കർമ്മത്തിനുമാകണം
മറ്റൊരു വ്യക്തിതൻ കേന്ദ്രത്തിൽ ആശ്രയിച്ച്,
സ്നേഹം പരതി, അവരാൽ ലഭിക്കാതെ സ്വയം
സ്നേഹഭരിതമാക്കാതെ ജീവിതതകർച്ച് നേരിടുന്നോരേ...
സ്നേഹം ജ്വലിക്കുന്നത് തന്നിൽതന്നെയെന്ന സത്യം
വിസ്മരിക്കാതെ, പ്രകാശത്താൽ സ്വയം സ്നേഹമായി,
ഉചിതമാം പ്രണയത്തിൽ പങ്കുചേരു...
പ്രണയം ഒരു മഹാകാവ്യം തന്നെ, എന്നാൽ അത് ഉദ്ഭവിക്കുന്നത്
സ്വന്തം സത്വത്തിൽതന്നെ, അതിൽ പങ്കുചേരുന്നത് യഥാർത്ഥ പ്രണയം.

മരിയനാദം കേന്ദ്രകുടുംബകൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ 10-12-2023 തിയതി നടത്തിയ കലാസാഹിത്യ മത്സരത്തിൽ *18-30 വരെയുള്ള വിഭാഗത്തിൽ ഒന്നാം* സ്ഥാനം കരസ്ഥമാക്കിയ ചെറുകഥ

# വിശ്വാസവും സർഗ്ഗാത്മകതയും

**വിനിഷ വിജോ**
സെ.പീറ്റർ യൂണിറ്റ്

നിഴലുകൾ നിറഞ്ഞ ലോകത്തിലൂടെ ഇരുട്ടിൽ ഗന്ധം പിടിച്ച് തന്റെ, നഗ്നമായ കാൽപാദങ്ങൾക്ക് വേഗതകൂട്ടി 'അവൾ' ഓടി 'ചൈതന്യ' എന്ന പതിനാലു വയസ്സു കാരി. ദൂരെ നിന്നും ചൈതന്യ കണ്ടു കാറ്റത്ത് പാറികളിക്കുന്ന തന്റെ കൂരയിലെ ടാർപായ പാളികൾ. ബാല്യത്തിൽ തന്നെ അപ്പനും അമ്മയും മരിച്ച ചൈതന്യയെ വളർത്തിയത് അമ്മാമ്മയാണ്. പ്രായാധിക്യത്താൽ കഷ്ടപ്പെടുന്ന അമ്മാമ്മയെ വീട്ടിലി രുത്തി ചൈതന്യ കുടുംബഭാരം തോളിലേറ്റി. കുഞ്ഞിലെ അമ്മാമ്മ പഠിപ്പിച്ച പ്രാർത്ഥനകളുടെ ജപങ്ങളും ചൈതന്യയെ മരിയ ഭക്തയാക്കിയിരുന്നു. മുടങ്ങാതെ ചൈതന്യ തന്റെ ഇടവകപള്ളിയിൽ പോയിരുന്നു.

വീടിനടുത്തുള്ള ഗവ. സ്കൂളിൽ അവൾ പഠിച്ചിരുന്നു. ക്ലാസ്സിൽ ഒന്നാമതായി രുന്നുചൈതന്യ.കൂട്ടുകാർഅവരുടെമാതാപിതാക്കളുടെകൂടെസ്കൂളിൽവരുന്നതു കാണുമ്പോൾ അവളുടെ ഉള്ള് കൊതിക്കും. സ്കൂൾ വിട്ടുകഴിഞ്ഞാൽ അടുത്ത വീടുകളിൽ പാത്രം കഴുകാനും ചെടിനനക്കാനും അവൾ പോകും അവിടെ നിന്നും കിട്ടിന്ന തുച്ഛമായ വരുമാനത്തിലാണ് അവരുടെ ജീവിത. വിശപ്പിന്റെ വിളി അവളെ വല്ലാതെ തളർത്തിയിരുന്നു. അവളുടെ വിശ്വാസത്തോടെയുള്ള പ്രാർത്ഥന യിൽ അവൾ തന്റെ കഷ്ടപ്പാടുകളെല്ലാം മറന്നിരുന്നു. ചെയ്യുന്ന ഓരോ ജോലിയിലും അവൾ ആത്മാർത്ഥത കാണിച്ചിരുന്നു.

സൂര്യൻ മെല്ലെ മെല്ലെ ഒളിഞ്ഞുപോയി. പക്ഷികൾ കൂടുകളിലേക്ക് ചേക്കേറി. കൂര യിൽ ഒറ്റക്കിരിക്കുന്ന അമ്മാമ്മയുടെ മുഖം അവൾ ഓർത്തു. ജോലികളെല്ലാം തീർത്ത് സമയത്തെ തട്ടിമാറ്റി റേഷൻകടയിലേക്ക് ഓടി. റേഷൻകട അപ്പോഴേക്കും അടച്ചി രുന്നു. ഇന്നും പട്ടിണിതന്നെ അമ്മാമ്മക്കുള്ള ഭക്ഷണം അവൾ ജോലിസ്ഥലത്ത് നിന്നും കൈപിടിച്ചു കാലുകൾക്ക് വേഗതകൂട്ടി അവൾ നടന്നു.

ഇരുട്ടിന്റെ മറവിൽ നിന്നും ഇടറുന്ന സ്വരം അവളുടെ കാതിൽ പതിഞ്ഞു. വൃദ്ധ യായ ഒരു അമ്മൂമ്മ വഴിക്കോണിൽ വിശന്ന് തളർന്നിരിക്കുന്നു. വല്ലതും കഴിച്ചിട്ട് രണ്ടുദിവസമായി മകളേ എനിക്കെന്തെങ്കിലും കഴിക്കാൻ തരുമോ. ആരും എന്നെ സഹായിക്കുന്നില്ല. അവൾ തന്റെ കയ്യിലുണ്ടായിരുന്ന ഭക്ഷണപ്പൊതി അമ്മൂമ്മയ്ക്ക് നേരെ നീട്ടി. അമ്മൂമ്മ അത ആർത്തിയോടെ കഴിച്ചു. അമ്മൂമ്മ അത് കഴിക്കുന്തോറും ചൈതന്യയുടെ വിശപ്പും ക്ഷീണവും മാറിയിരുന്നു. അമ്മൂമ്മയ്ക്ക് അവൾ തന്റെ

കയ്യിലുണ്ടായിരുന്ന പൈസ കൊടുത്തു. അമ്മൂമ്മ തന്റെ ഭാണ്ഡക്കെട്ടിൽനിന്ന് ഒരു മാതാവിന്റെ രൂപം അവൾക്ക് സമ്മാനിച്ചു. ഒരു ജപമാലയും കൊടുത്തുകൊണ്ട് പറഞ്ഞു. നിന്റെ കഷ്ടപ്പാടുകൾ അവസാനിച്ചു. നിന്റെ പ്രാർത്ഥന സ്വീകരിച്ചിരിക്കുന്നു എന്ന്. ചൈതന്യക്ക് ഒന്നും മനസ്സിലായില്ല. അമ്മൂമ്മ ഇരുട്ടിന്റെ മറവ് തേടി യാത്രയായി.

വീട്ടിലെത്തിയ ചൈതന്യ അമ്മാമ്മയോട് പറഞ്ഞു ഇന്നും ഒന്നും കഴിക്കാനില്ല അമ്മാമ്മേ എന്ന്. അമ്മാമ്മ ചിരിച്ചുകൊണ്ട് പറഞ്ഞു. നീയല്ലേ കുറച്ചുനേരത്തെ ഇവിടെ വന്ന് എനിക്ക് ജോലിചെയ്യുന്ന വീട്ടിൽനിന്നും ഭക്ഷണം കൊണ്ടുവന്ന് തന്നത്. എന്നാ രുചിയായിരുന്നു അതിന്. നീ പോയതിന് പിന്നാലെ നമ്മുടെ കേസ് നടത്തിയിരുന്ന വക്കീൽ ഇവിടെ വന്നിരുന്നു. നിന്റെ അപ്പന്റേയും അമ്മയുടേയും സ്വത്ത് നമുക്ക് തിരിച്ചുകിട്ടി. കേസ് നമുക്ക് അനുകൂലമായി. നാളെത്തന്നെ നമ്മുടെ തറവാട്ട് വീട്ടിലേക്ക് താമസം മാറാം എന്നാണ് വക്കീൽ പറഞ്ഞത്. അവൾക്കൊന്നും മനസ്സിലായില്ല.

ചൈതന്യ അവളുടെ കയ്യിലെ മാതാവിന്റെ രൂപത്തിലേക്ക് നോക്കി. അവളുടെ കണ്ണുകളെ അവൾക്ക് വിശ്വസിക്കാനായില്ല വഴിയരികിൽ കണ്ട അമ്മച്ചിയുടെ രൂപം അതിൽ പ്രകാശിച്ചു. അവൾ മുട്ടുകുത്തി കരഞ്ഞു.

**St Mary's Assumption Church Ayyanthole**
**Mariyanadham Parish Bullettin**
**Advts. New Tariff Rates**

**Multi-colour Advts.**

| | | |
|---|---|---|
| Front Inner Cover Page | : | Rs. 2000/- |
| Back Inner Cover Page | : | Rs. 1800/- |
| Back Cover Page | : | Rs. 2800/- |
| Centre Spread Two Pages | : | Rs. 3200/- |
| Inside Any Full Page | : | Rs. 1500/- |
| Inside Any Half Page | : | Rs. 750/- |

**Black & White Advts.**

| | | |
|---|---|---|
| Inside Any Full Page | : | Rs. 900/- |
| Inside Any Half Page | : | Rs. 500/- |

**Discounts**

One year Colour / B&W Advts. : 10%

# വി.യൗസേപ്പിതാവിന്റെ മരണത്തിരുനാൾ

## മാർച്ച് 19

ഡെയ്സി അന്തപ്പൻ,
സെന്റ് മേരിസ് യൂണിറ്റ്

വിശുദ്ധ യൗസേപ്പിനെ മിശിഹായുടെ പരസ്യജീവിതകാലത്തു നാം ഒരിക്കലും ദർശിക്കുന്നില്ല. തന്നിമിത്തം അദ്ദേഹം ഈശോയുടെ രഹസ്യജീവിത പരിസമാപ്തി യോടടുത്തു മരണമടഞ്ഞിരിക്കാമെന്നാണ് കരുതുന്നത്. വി. യൗസേപ്പിന്റെ മരണം ഏറ്റവും സൗഭാഗ്യപൂർണ്ണമായിരുന്നു. പ. കന്യകയുടെ സാന്നിദ്ധ്യത്തിൽ ഈശോയുടെ തൃക്കരങ്ങളിലായിരുന്നു അദ്ദേഹത്തിന്റെ മരണം. പാപമോ, ലൗകികസമ്പത്തോ, സ്ഥാനമാനങ്ങളോ, മറ്റേതെങ്കിലും വസ്തുവോ ആ പാവനാത്മാവിന്റെ മരണത്തെ ശോകപൂർണ്ണമാക്കിയില്ല. മറിച്ച് അതു ഒരു സനേഹനിദ്രയായിരുന്നു. തന്നിമിത്തം അദ്ദേഹം ഉത്തമമരണത്തിന്റെ മാതൃകയാണ്. നൽമരണമദ്ധ്യസ്ഥനുമാണ്. ഒരു വ്യക്തിയുടെ ജീവിതവിജയം ഒരു നല്ല മരണത്തെ ആശ്രയിച്ചാണിരിക്കുന്നത്. മരണസമയത്തു വരപ്രസാദാവസ്ഥയിലാണ് ആത്മാവെങ്കിൽ മരണം ഒരിക്കലും ഭയാനകമല്ല. പാപവും ലൗകികസമ്പത്തോടുള്ള അതിരുകടന്ന സ്നേഹമാണ് പലപ്പോഴും മരണത്തെ ഭയാനകമാക്കുന്നത്.

ദൈവത്തെയും സഹോദരങ്ങളെയും സ്നേഹിക്കാതെ ജീവിതാന്തസ്സിന്റെ കടമകൾ ശരിയായി നിർവ്വഹിക്കാതിരുന്നവർ, ജീവിതത്തെ പാഴാക്കിക്കളഞ്ഞവർ മരണസമയത്ത് ഖേദിക്കേണ്ടിവരും. മരണസമയത്ത് ഓരോ മനുഷ്യാത്മാവും അന്തിമ മായ ഒരു തെരഞ്ഞെടുപ്പിന് വിധേയമാകും. ജീവിതകാലത്തു ചെയ്തിട്ടുള്ള സകല പ്രവൃത്തികളും വിചാരങ്ങളും എല്ലാം അതിൽ സ്വാധീനശക്തി ചെലുത്തും. വി. യൗസേപ്പ് അദ്ദേഹത്തിന്റെ ജീവിതത്തിൽ എല്ലായ്പ്പോഴും ദൈവത്തിനും ഈശോമിശി ഹായ്ക്കും സംപ്രീതിജനകമായവമാത്രം പ്രവർത്തിച്ചു. പ. കന്യകയെ സ്നേഹിച്ചിരു ന്നു. അയൽവാസികളെയും സ്നേഹിച്ചു. ദൈവോന്മുഖമായ ജീവിതമാണ് നയിച്ചിരു ന്നത്. തന്നിമിത്തമത്രെ സൗഭാഗ്യപൂർണ്ണവും സമാധാനപരവുമായ ഒരു മരണം കൈവരിച്ചത്. ജീവിതം എപ്രകാരമാണോ അപ്രകാരമായിരിക്കും മരണം.

ഞങ്ങളുടെ വാത്സല്യപിതാവായ മാർ യൗസേപ്പേ അങ്ങ് ഈശോമിശിഹാ യുടെ തൃക്കരങ്ങളിൽ പ. കന്യകയുടെ സാന്നിദ്ധ്യത്തിൽ സമാധാനപൂർണ്ണമായി മരണം പ്രാപിച്ചുവല്ലോ. പാപികളായ ഞങ്ങളുടെ മരണസമയത്ത് ഈശോയുടെയും പ. കന്യകാമറിയത്തിന്റെയും അങ്ങയുടെയും സഹായം ഞങ്ങൾക്കു നൽകണമേ. ഈശോ, മറിയം, യൗസേപ്പേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.

# ഈശോയുടെ മുൾമുടി ധാരണവും ചമ്മട്ടിയടിയും

***സി. ആൻ കാതറിൻ എമിറിച്ചിന്റെ ദർശനങ്ങളിൽനിന്ന്***



ജനം വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു "അവനെ ക്രൂശിക്കുക... അവനെ ക്രൂശിക്കുക." അസ്വസ്ഥനായ പീലാത്തോസ് ഈശോയേ ചമ്മട്ടിയടിക്കുവാനും മുൾമുടി ധരിപ്പിക്കുവാനും പട്ടാളക്കാർക്ക് വിട്ടുകൊടുത്തു. ഇവരുടെ ചമ്മട്ടികൾ നേരിയ ഇരുമ്പുചങ്ങലകൾ കൊണ്ടുള്ളതും ആഴമായ മുറിവ് ഉണ്ടാക്കുന്നതും ഓരോ അടിക്കും മാംസം ചീന്തിപ്പൊളിഞ്ഞ് പോരത്തക്കവിധം ഇരുമ്പുകൊളുത്തുകൾ പിടിപ്പിച്ചതും ആയിരുന്നു.

നിവർന്ന് നിൽക്കാൻ ശക്തിയില്ലാതിരുന്ന ഈശോയെ അരയ്ക്കുചുറ്റിലും കാൽമുട്ടിന് മുകളിലും കയറുകെട്ടി തൂണിൽ ബന്ധിച്ചശേഷം പട്ടാളക്കാരൻ മുക്കാൽ മണിക്കൂറോളം മാറിമാറി പ്രഹരിച്ചു. പ്രഹരങ്ങളാൽ മാംസം കീറിമുറിഞ്ഞ് രക്തത്തിൽ കുതിർന്ന ഈശോ പ്രജ്ഞയറ്റ് തറയിൽ പതിച്ചു.

ഈശോയേ ചമ്മട്ടിയടിച്ചു. തൂണിനുചുറ്റും വീണുകിടന്ന രക്തമെല്ലാം പരിശുദ്ധ മറിയവും ഭക്തസ്ത്രീകളും ഒരു തുണികൊണ്ട് തുടച്ച് എടുത്തു.

പിന്നീട് ഈശോയെ മുൾമുടി ധരിപ്പിക്കുന്നതിനായി വലിച്ചിഴച്ച് കൊണ്ടുപോയി. മുള്ളുകളുള്ള 3 ശിഖരങ്ങൾ തമ്മിൽ മെടഞ്ഞാണ് മുൾമുടി ഉണ്ടാക്കിയത്. തലയിൽ തറഞ്ഞ് കയറത്തക്കവിധം മുള്ളുകൾ ഉള്ളിലേക്ക് വച്ചിരുന്നു. മെടഞ്ഞ ഭാഗം നെറ്റിയിൽ ഉറപ്പിച്ചശേഷം ശേഷിച്ചഭാഗം ശിരസ്സിന്റെ പിന്നിൽ വലിച്ച് വരിഞ്ഞ് കെട്ടി. നീളമുള്ള ഒരു ഞാങ്ങണ കൈകളിൽ പിടിപ്പിച്ചു. അവർ അവിടത്തെ മുമ്പിൽ മുട്ടുകുത്തി യഹൂദരുടെ രാജാവേ സ്വസ്തി എന്നുപറഞ്ഞ് പരിഹസിക്കുകയും പ്രഹരിക്കുകയും മുഖത്ത് തുപ്പുകയും ചെയ്തു. ഞാങ്ങണ പിടിച്ചുവാങ്ങി തലയിൽ ആഞ്ഞടിച്ചു. രക്തം കണ്ണുകളിലേയ്ക്ക് ഒഴുകിവീണു. മാംസം കീറി മുറിഞ്ഞ നാവ് വരണ്ട് ഉണങ്ങി അവിടുത്തെ ശരീരം വിറച്ചുകൊണ്ടേയിരുന്നു. കിരാതമായ ഈ പീഡനം മണിക്കൂറുകളോളം നീണ്ടുനിന്നു.

ഓ ദിവ്യനാഥാ, മനുഷ്യകുലത്തിന്റെ പാപപരിഹാരത്തിനുവേണ്ടി അങ്ങ് ഏറ്റുവാങ്ങിയ മാരകപീഡനങ്ങളെ ഓർത്ത് ഞങ്ങളുടെ പാപങ്ങളിൽ ഞങ്ങൾ ലജ്ജിക്കുന്നു. അങ്ങയുടെ സഹനങ്ങളിൽ ഞങ്ങളും പങ്കാളികളാകുവാനുള്ള കൃപയ്ക്കായി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**–കെ.ജെ. വിൻസെന്റ്, സെ. മേരീസ് യൂണിറ്റ്**




## സെ. ലൂക്ക് 9, 10, 11, 12 അദ്ധ്യായങ്ങൾ

1. നിങ്ങളെ സ്വീകരിക്കാതിരിക്കുന്നവരുടെ പട്ടണത്തിൽ നിന്നുപോകുമ്പോൾ അവർക്കെതിരേ സാക്ഷ്യത്തിനായി എന്തു ചെയ്യണമെന്നാണ് ഈശോ പറയുന്നത്?
2. ഞാൻ ആരെന്നാണെന്ന ചോദ്യത്തിന് പത്രോസിന്റെ ഉത്തരം എന്തായിരുന്നു?
3. മോശയും ഏലിയായും അവനോടു സംസാരിച്ചുകൊണ്ടിരുന്നു. എന്തിനെക്കുറിച്ചാണ് അവർ സംസാരിച്ചത്?
4. ഏതെല്ലാം നഗരങ്ങൾക്കാണ് ദുരിതമെന്നും, ഇവിടെ നടന്ന അത്ഭുതങ്ങൾ എവിടെയെല്ലാം നടന്നിരുന്നുവെങ്കിൽ അവർ പശ്ചാത്തപിക്കുമായിരുന്നുവെന്നാണ്. ഈശോ പറയുന്നത്?
5. കവർച്ചക്കാരുടെ കൈയിൽപ്പെട്ട ആ മനുഷ്യന് ഈ മൂവരിൽ ആരാണ് അയൽക്കാരനായി വർത്തിച്ചത്?
6. കർത്താവിന്റെ വചനങ്ങൾകേട്ട് അവന്റെ പാദത്തിങ്കൽ ഇരുന്നവൾ ആരാണ്?
7. ആ മനുഷ്യന്റെ സ്ഥിതി ആദ്യത്തേതിനേക്കാൾ മോശമായിത്തീരുന്നു കാരണമെന്ത്?
8. ബലിപീഠത്തിനു വിശുദ്ധസ്ഥലത്തിനും മധ്യേവച്ച കൊല്ലപ്പെട്ടത് ആരാണ്?
9. പ്രതീക്ഷിക്കാത്ത മണിക്കൂറിൽ വരുന്നത് ആരാണ്?
10. അവിടെ കള്ളന്മാർ കടന്നുവരുകയോ ചിതൽ നശിപ്പിക്കുകയോ ഇല്ല എവിടെ?

## ഉത്തരങ്ങൾ

1. സുക്കോത്തിലെ പ്രമാണിമാരും പെനുവേൽ നിവാസികളും
2. കാട്ടിലെ മുള്ളും കാരമുള്ളുംകൊണ്ട്
3. തന്റെ ആദ്യജാതനായ യഥറിനോട്.
4. കർത്താവ്

5. തന്റെ പട്ടണമായ ഓഫ്രായിൽ

6. ഗിദെയോൻ തന്റെ പട്ടണത്തിൽ സ്ഥാപിച്ച എഫോദിനെ ഇസ്രായേൽക്കാർ ആരാധിച്ചത്

7. ജറൂബ്ബാലിന്റെ ഇളയപുത്രൻ യോത്താം

8. തന്റെ ആയുധവാഹകനോട്

9. ഇസാക്കർ ഗോത്രജനായ ദോദോയുടെ പുത്രൻ പൂവ്വാ

10. ജായിൽ, 22 വർഷം

## ഫെബ്രുവരി ശരിയുത്തരം അയച്ചവർ

1. സിസിലി അബ്രാഹം - സെ. ജോസഫ് യൂണിറ്റ്
2. ഷേർളി ലോറൻസ് - സെ. മേരീസ് യൂണിറ്റ്
3. മേരിക്കുട്ടി ജോൺ - ഹോളി ഫാമിലി യൂണിറ്റ്
4. ജോസഫീന ജോയ് - സെ. മേരീസ് യൂണിറ്റ്
5. മേഴ്സി ജെസിന്റോ - സെ. തോമസ് യൂണിറ്റ്
6. മേരി രാജു - സെ. സേവ്യർ യൂണിറ്റ്
7. റോസി ജോസ് - സെ. സേവ്യർ യൂണിറ്റ്
8. ലൂസി ജോയ് - സെ. സേവ്യർ യൂണിറ്റ്
9. ഡെയ്സി അന്തപ്പൻ - സെ. മേരീസ് യൂണിറ്റ്
10. ലില്ലി കുരിയൻ - സെ. മേരീസ് യൂണിറ്റ്
11. മേരി വിൽസൺ - സെ. പീറ്റർ യൂണിറ്റ്
12. ആർദ്ര ജോമോൻ - സെ. പീറ്റർ യൂണിറ്റ്
13. വിനീഷ ജിജോ - സെ. പീറ്റർ യൂണിറ്റ്
14. സിറിൽ എം. ജോമോൻ - സെ. പീറ്റർ യൂണിറ്റ്

**ഫെബ്രുവരിയിലെ ലോഗോസ് ക്വിസ് വിജയി**

**ഷേർളി ലോറൻസ്, സെ. മേരീസ് യൂണിറ്റ്**

# ചായക്കൂട്ട് മത്സരം



ഈ ചിത്രത്തിനു അനുയോജ്യമായ ചായമടിച്ച് 20-03-2024-നു
മുൻപ് പാരിഷ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കണം.
ഏറ്റവും നല്ല ചായമിടലിന് സമ്മാനം ഉണ്ടായിരിക്കുന്നതാണ്.
(മതബോധന വിദ്യാർത്ഥികൾ പങ്കെടുക്കുക)

**ചായമിടൽ മത്സര വിജയി – ഫെബ്രുവരി 2024**

**ഒവിന റാഫി, സെന്റ് തോമസ് യൂണിറ്റ്**


RECORD BREAKING RESULTS
Achievers of CAT 23 (MBA Entrance)
99.49 PERCENTILE
ADITHYA SHAJI
98.75 PERCENTILE
MEGHA NAIR
98.46 PERCENTILE
ALAN BABU
97.47 PERCENTILE
ALEX YOHANNAN
97.27 PERCENTILE
NANDU T S
97.16 PERCENTILE
ELZA JOJU
97.12 PERCENTILE
ARATHI AVINASH
97.11 PERCENTILE
ISHAN SAHIL A
96.98 PERCENTILE
DELJIN MATHEW
96.95 PERCENTILE
AMALDEV AM
96.91 PERCENTILE
ANNE ROSE
96.52 PERCENTILE
KRISHNADAS K S
96.52 PERCENTILE
KRISHNADAS K S
96.45 PERCENTILE
ABHIRAM J
96.21 PERCENTILE
CHRIS JOSEPH
96.06 PERCENTILE
ANJANA C P
36 Students cross 90 Percentile, 77 Students cross 80 Percentile
CAT 24/25
(MBA Entrance)
ADMISSION
OPEN
WEEKDAY
WEEKEND
BATCHES
T.I.M.E.
Triumphant Institute of
Management Education Pvt. Ltd.
THRISSUR
8086 44 00 33
CAT | CMAT | BANK | SSC | GMAT® | GRE® | CLAT | IPM | CUET



കട്ടിള നല്ലതാണെങ്കിൽ
തലമുറകളുടെ കഥകൾ പറയും
Ocean
LYKE WOOD
...better than wood
DOOR & WINDOW
FRAME
മരത്തിനേക്കാൾ ഉറപ്പേറിയത്
ചിതൽപിടിക്കില്ല
നനഞ്ഞാലും വികസിക്കില്ല
Ocean
WE GIVE LIFE TO PLASTIC
OCEAN POLYMER INDUSTRIES PVT. LTD.
V/35A, Marar Road, Velappaya Medical College P.O, Thrissur-680 596.
Phone: 0487- 2202787 / 88 / 8137009888 / 8137978880
www.theoceangroup.co.in • email: enquiry@theoceangroup.co.in
FOR TRADE ENQUIRIES CALL: 0487- 2202787
CUSTOMER CARE : 8137009888
nirmala hiprint Ph : 0487 2387393